"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ- 2019-20 സാമ്പത്തിക വർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് , ഓർഗനൈസേഷൻ ഗ്രാന്റ് എന്നിവയുടെ 2-ാം ഗഡു അനുവദിച്ച് ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസം (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2282/2019/ഉ.വി.വ തീയതി,തിരുവനന്തപുരം, 26/12/2019**

---

പരാമർശം:-1 20-03-2019 ലെ ജി.ഒ(ആർ.ടി) 432/2019/ഉവിവ നം ഉത്തരവ്

2 10-04-2019 ലെ 31/2019/ധന നം സർക്കുലർ

3 23-09-2019 ലെ ജി.ഒ(ആർ.ടി)1659/2019/ഉവിവ നം ഉത്തരവ്

4 കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 5-11-2019 ലെ ബി1-2571/2019 നം കത്ത്

### ഉത്തരവ്

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2019-20 സാമ്പത്തിക വർഷത്തെ സർക്കാർ ബഡ്ജറ്റിൽ 2205-00-105-99-36- നോൺ പ്ലാൻ ശീർഷകത്തിൽ ഓർഗൈസേഷൻ ഗ്രാന്റായി 22,56,22,000/- രൂപയും 2205-00-105-99-31 ശീർഷകത്തിൽ എസ്റ്റാബ്ലിഷ് മെന്റ് ഗ്രാന്റായി 6,19,99,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷത്തെ ഓർഗനൈസേഷൻ ഗ്രാന്റിന്റെ രണ്ടും മൂന്നും നാലും ഗഡുവായി പരാമർശം (1) ലെ ഉത്തരവുപ്രകാരം അനുവദിച്ച 19,52,78,000/- രൂപ ധനകാര്യ വകുപ്പിന്റെ പരാമർശം (2) സർക്കുലറിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം ഓർഗനൈസേഷൻ ഗ്രാന്റായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുകയും, പ്രസ്തുത ശീർഷകങ്ങളിൽ ബാക്കി നിന്ന തുകയിൽ നിന്നും ഓർഗനൈസേഷൻ ഗ്രാന്റിന്റെ ഒന്നാം ഗഡുവായി 97,10,080/-രൂപയും (തൊണ്ണൂറ്റിയേഴ് ലക്ഷത്തി പതിനായിരത്തി എൺപത് രൂപ മാത്രം ) 2205-00-105-99-36 (NP) ശീർഷകത്തിലും എസ്റ്റാബ്ലിഷ് മേന്റ് ഗ്രാന്റിന്റെ ഒന്നാം ഗഡുവായി 1,98,39,680 /-രൂപയും (ഒരു കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി അറുനൂറ്റി എൺപത് രൂപ മാത്രം) 2205-00-105-99-31 (NP) ശീർഷകത്തിലും അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ ഓർഗനൈസേഷൻ ഗ്ലാന്റ് ഇനത്തിൽ ബാക്കി നിൽക്കുന്ന 2,06,33,920/- രൂപയും (രണ്ടു കോടി ആറു ലക്ഷത്തി മുപ്പത്തിമൂവായിരത്തി തൊള്ളായിരത്തി ഇരുപത് രൂപാ മാത്രം) എസ്റ്റാബ്ലിഷ്മെന്റ് ഗ്ലാന്റ് ഇനത്തിൽ ബാക്കി നിൽക്കുന്ന 4,21,59,320/-

**File No.HEDN-A2/182/2019-HEDN**

രൂപയും (നാല്പ കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി മുന്നൂറ്റി ഇരുപത് രൂപാ മാത്രം) അനുവദിച്ചുനൽകണമെന്ന് പരാമർശം (4) പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. ഒന്നാം ഗഡുവായി അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റും സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 2019-20 സാമ്പത്തിക വർഷത്തെ ഓർഗനൈസേഷൻ ഗ്രാന്റിന്റെ രണ്ടാം ഗഡുവായി 2205-00-105-99-36 Non Salary(NP) ശീർഷകത്തിൽ 1,03,16,960/- രൂപയും (ഒരു കോടി മൂന്ന് ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി അറുപത് രൂപ മാത്രം) എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിന്റെ രണ്ടാം ഗഡുവായി 2205-00-105-99-31-Salary(NP) ശീർഷകത്തിൽ 4,21,59,320 /- രൂപയും (നാല്പ കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അമ്പത്തൊൻപതിനായിരത്തി മുന്നൂറ്റി ഇരുപത് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ പരാമർശിച്ച തുക കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ടി.എസ്.ബി 701011400000254 എന്ന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി തിരുവനന്തപുരം ജില്ലാ ട്രഷറി ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയകുമാർ ആർ.

അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (2-12-2019ലെ EDN-B2/148/2019-FIN പ്രകാരം)

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ